# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 2761

09-05-2017- ൽ മറുപടിയ്ക്ക്

### ന്യൂനപക്ഷ വിഭാഗത്തിൽപ്പെടുന്ന കുടുംബങ്ങൾക്കുള്ള സഹായങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മുഹമ്മദ് മുഹസിൻ പി.** | | **ശ്രീ. കെ.ടി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)** | |
| (എ) | ന്യൂനപക്ഷ വിഭാഗത്തിൽപ്പെടുന്ന കുടുംബങ്ങൾക്കുള്ള സർക്കാരിന്റെ സഹായങ്ങൾ എന്തൊക്കെയാണ്; അത് ലഭിക്കാനുള്ള നടപടികൾ എന്തൊക്കെയാണ്; | (എ) & (സി) | ന്യൂനപക്ഷക്ഷേമ വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്ന പദ്ധതികളിൽ കുടുംബങ്ങൾക്ക് പ്രാധാന്യം നൽകി നടപ്പിലാക്കുന്ന പദ്ധതികൾ അനുബന്ധം 1- ആയി ചേർത്തിട്ടുണ്ട്. |
| (ബി) | ന്യൂനപക്ഷ വകുപ്പിന്റെ സംസ്ഥാന , ജില്ലാ തലങ്ങളിലെ ഉദ്യോഗസ്ഥ സംവിധാനവും അവയുടെ പ്രവർത്തനവും വിശദമാക്കാമോ; | (ബി) | അനുബന്ധം 2- ആയി ചേർത്തിട്ടുണ്ട്. |
| (സി) | ന്യൂനപക്ഷ വകുപ്പിന്റെ ഭവന പദ്ധതികൾ എന്തൊക്കെയാണ് ; ഈ സഹായം ലഭിക്കാനുള്ള അർഹത എന്താണ്? | | |

Subhi.

**സെക്ഷൻ ഓഫീസർ**

(എ) & (സി)

1. വിധവ/വിവാഹബന്ധം വേർപ്പെട്ടുത്തിയ/ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്കുള്ള ഇമ്പിച്ചിബാവ ഭവന നിർമ്മാണ പദ്ധതി.

മുസ്ലീം, ക്രിസ്ത്യൻ, ബുദ്ധ, സിഖ്, പാഴ്സി, ജൈനർ എന്നീ ന്യൂനപക്ഷ മതവിഭാഗത്തിൽപ്പെടുന്ന വിധവകളുടെയും, വിവാഹബന്ധം വേർപ്പെട്ടുത്തിയവരുടെയും, ഉപേക്ഷിക്കപ്പെട്ടവരുടെയും ഭവന നിർമ്മാണത്തിന് ഒരു വീടിന് രണ്ടര ലക്ഷം രൂപയാണ് ധനസഹായം. ഇത് തിരിച്ചടക്കേണ്ടതില്ല. അപേക്ഷകയുടെ സ്വന്തം പേരിൽ ബാദ്ധ്യതകളില്ലാത്ത ചുരുങ്ങിയത് രണ്ട് സെൻറ് സ്ഥലം ഉണ്ടായിരിക്കണം. അപേക്ഷക കുടുംബത്തിലെ ഏക വരുമാനദായകയായിരിക്കണം. ബി.പി.എൽ കുടുംബം. അപേക്ഷകയ്ക്കോ അവരുടെ മക്കൾക്കോ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർ, പെൺകുട്ടികൾ മാത്രമുള്ള അപേക്ഷക തുടങ്ങിയവർക്ക് മുൻഗണന നൽകും. വകുപ്പ് പ്രത്യേകം തയ്യാറാക്കിയ അപേക്ഷാ ഫാറം മുഖേനയാണ് അപേക്ഷിക്കേണ്ടത്. പൂരിപ്പിച്ച അപേക്ഷ അനുബന്ധ രേഖകൾ സഹിതം അതാത് ജില്ലാ കളക്ടറേറ്റിലെ ന്യൂനപക്ഷ ക്ഷേമ സെക്ഷനിൽ നേരിട്ടോ, ഡെപ്യൂട്ടി കളക്ടർ (ജനറൽ), ജില്ലാ ന്യൂനപക്ഷക്ഷേമ സെക്ഷൻ, ജില്ലാ കളക്ടറേറ്റ് എന്ന വിലാസത്തിൽ അതാത് ജില്ലാ കളക്ടറേറ്റിലേക്ക് തപാൽ മുഖാന്തിരമോ അപേക്ഷിക്കാം. അപേക്ഷാ ഫോറം ജില്ലാ ന്യൂനപക്ഷക്ഷേമ സെക്ഷൻ, ന്യൂനപക്ഷ യുവജനതയ്ക്കായുള്ള പരിശീലന കേന്ദ്രം എന്നിവിടങ്ങളിൽ നിന്നും നേരിട്ടും www.minoritywelfare.kerala.gov.in എന്ന വകുപ്പിന്റെ വെബ്സൈറ്റിൽ നിന്നും ലഭിക്കും. കരം ഒടുക്കിയ രസീതിന്റെ പകർപ്പ്, റേഷൻ കാർഡിന്റെ പകർപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിക്കുന്ന സ്ഥിര താമസ സർട്ടിഫിക്കറ്റ് തുടങ്ങിയ രേഖകൾ അപേക്ഷയോടൊപ്പം സമർപ്പിക്കണം.

2. ജലദൗർലഭ്യം നേരിടുന്ന ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ നടപ്പിലാക്കുന്ന കുടിവെള്ള വിതരണ പദ്ധതി

ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിലെ കുടിവെള്ള ദൗർലഭ്യം പരിഹരിക്കുന്നതിന് സംസ്ഥാന ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതി വകുപ്പ് നടപ്പിലാക്കി വരുന്നു. സംസ്ഥാനത്ത് അതത് ജില്ലകളിലെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ കേരള വാട്ടർ അതാറിറ്റി തയ്യാറാക്കിയ വിശദമായ എസ്റ്റിമേറ്റുകൾ അടങ്ങിയ പ്രൊപ്പോസലുകൾ വകുപ്പിന് നേരിട്ട് ലഭ്യമാക്കുകയും ആയത് പരിശോധിച്ച് ഭരണാനുമതി ലഭിക്കുന്നതിന് വേണ്ടി സർക്കാരിന് സമർപ്പിക്കുകയുമാണ് ചെയ്യുന്നത്. പ്രസ്തുത പ്രൊപ്പോസലുകൾ സർക്കാർ അംഗീകരിക്കുന്ന മുറയ്ക്ക് സർക്കാർ അംഗീകരിക്കുന്ന തുക പദ്ധതി നിർവ്വഹണ ഏജൻസിയായ കേരള വാട്ടർ അതോറിറ്റിക്ക് കൈമാറുകയും ചെയ്യുന്നു. തെരഞ്ഞെടുക്കപ്പെടുന്ന പദ്ധതികളുടെ പ്രദേശങ്ങളിലെ മോണിറ്ററിംഗും, പരിപാലനവും അതത് തദ്ദേശസ്ഥാപനങ്ങൾ നടത്തേണ്ടതാണ്.

സെക്ഷൻ ഓഫീസർ

ബി)

നിലവിൽ ഡയറക്ടറേറ്റിലെ / ഡയറക്ടറേറ്റിന് കീഴിലെ സ്ഥാപനങ്ങളിലെ ജീവനക്കാരെ സംബന്ധിക്കുന്ന വിവരം ചുവടെ ചേർക്കുന്നു.

## എ. ഡയറക്ടറേറ്റ്

| തസ്തികയുടെ പേര് | നിലവിലുള്ള എണ്ണം | സ്ഥിരം / ഡെപ്യൂട്ടേഷൻ/ അഡീഷൻ ടു കേഡർ/ കരാർ |
|---|---|---|
| ഡയറക്ടർ | 1 | IAS കേഡർ |
| അഡ്മിനിസ്ട്രേറ്റീവ് ആഫീസർ | 1 | അഡീഷൻ ടു കേഡർ |
| ഫിനാൻസ് ആഫീസർ | 1 | അഡീഷൻ ടു കേഡർ |
| പ്രോജക്റ്റ് ആഫീസർ | 1 | കരാർ നിയമനം |
| ജൂനിയർ സൂപ്രണ്ട് | 1 | ഡെപ്യൂട്ടേഷൻ |
| ഇൻഫർമേഷൻ കം റിസർച്ച് ആഫീസർ | 1 | കരാർ നിയമനം |
| സൂപ്പർ വൈസർ | 1 | കരാർ നിയമനം |
| ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 1 | കരാർ നിയമനം |
| എൽ.ഡി.ക്ലാർക്ക് | 4+3 (പരിശീലന കേന്ദ്രങ്ങളിൽ നിന്നും റീ-ഡിപ്ലോയ് ചെയ്തത്) | സ്ഥിരം-1<br>ഡെപ്യൂട്ടേഷൻ-1<br>കരാർ നിയമനം -5 |
| ടൈപ്പിസ്റ്റ് കം കമ്പ്യൂട്ടർ ഓപ്പറേറ്റർ | 1 | ദിവസ വേതനം |
| ഡാറ്റാ എൻട്രി ഓപ്പറേറ്റർ കം സി.എ. | 1 | ഒഴിവ് |
| കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 1 | കരാർ നിയമനം |
| ആഫീസ് അറ്റൻഡന്റ് | 3 | കരാർ നിയമനം -2<br>ദിവസ വേതനം -1 |
| ഡ്രൈവർ | 1 | ദിവസ വേതനം |
| പാർട്ട് ടൈം സ്വീപ്പർ | 1 | സ്ഥിരം |

## ബി. ന്യൂനപക്ഷ യുവജനതയ്ക്കായുള്ള പരിശീലന കേന്ദ്രങ്ങൾ

| തസ്തികയുടെ പേര് | നിലവിലുള്ള എണ്ണം | സ്ഥിരം / കരാർ |
|---|---|---|
| പ്രിൻസിപ്പൽ | 16 | കരാർ നിയമനം - 15<br>ഒഴിവ് - 1 |
| കമ്പ്യൂട്ടർ ഓപ്പറേറ്റർ | 16 | കരാർ നിയമനം |
| എൽ.ഡി.ക്ലാർക്ക് | 13 | കരാർ നിയമനം |
| ആഫീസ്. അറ്റൻഡന്റ് | 16 | കരാർ നിയമനം -15<br>ദിവസ വേതനം -1 |

| | | |
|---|---|---|
| കാഷ്വൽ സ്വീപ്പർ | 15 | താല്കാലികം |
| പാർട്ട് ടൈം സ്വീപ്പർ | 1 | സ്ഥിരം |

എല്ലാ ജില്ലാ കളക്ടറേറ്റുകളിലും പ്രവർത്തിക്കുന്ന ന്യൂനപക്ഷ സെല്ലിൽ ഓരോ ക്ലർക്ക് തസ്തികയും ഉണ്ട്. സംസ്ഥാനത്തെ ന്യൂനപക്ഷ ജനവിഭാഗങ്ങളുടെ സാമൂഹിക-സാമ്പത്തിക-വിദ്യാഭ്യാസ പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിന് ആവശ്യമായ പരിപാടികളും പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കുകയും അതുവഴി ഈ വിഭാഗങ്ങളുടെ സമഗ്രമായ സാമൂഹിക ഉന്നമനം സാധ്യമാക്കുകയുമാണ് വകുപ്പിന്റെ ലക്ഷ്യം. കേന്ദ്ര സർക്കാർ ന്യൂനപക്ഷകാര്യ മന്ത്രാലയം നടപ്പിലാക്കുന്ന വിവിധ ന്യൂനപക്ഷക്ഷേമ പദ്ധതികളുടെ നോഡൽ ഏജൻസിയായും വകുപ്പ് പ്രവർത്തിച്ചു വരുന്നു. വകുപ്പ് മുഖാന്തിരം താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

1. ഇമ്പിച്ചിബാവ ഭവന നിർമ്മാണ പദ്ധതി (വിധവ/ വിവാഹബന്ധം വേർപ്പെട്ടുത്തിയ/ ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്കുമുള്ള ഭവന നിർമ്മാണ പദ്ധതി)
2. സൗജന്യ വ്യക്തിത്വ വികസന കരിയർ ഗൈഡൻസ് പരിശീലനം (പാസ്സ് വേഡ്)
3. സി.എച്ച്. മുഹമ്മദ്കോയ സ്കോളർഷിപ്പ്
4. ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് (ന്യൂനപക്ഷ വിഭാഗത്തിലെ സമർത്ഥരായ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് അവാർഡ്)
5. സ്വകാര്യ ഐ.റ്റി.ഐ വിദ്യാർത്ഥികൾക്ക് ഫീ-റീഇംബേഴ്സ്മെൻറ് സ്കീം.
6. ചാർട്ടേർഡ് അക്കൗണ്ടൻസി / കോസ്റ്റ് വർക്ക് അക്കൗണ്ടൻസി/കമ്പനി സെക്രട്ടറിഷിപ്പ് എന്നീ കോഴ്സുകൾക്ക് പഠിക്കുന്നവർക്കുള്ള സ്കോളർഷിപ്പ്.
7. അഖിലേന്ത്യാ സിവിൽ സർവ്വീസ് പരീക്ഷയ്ക്ക് തയ്യാറെടുക്കുന്ന ഉദ്യോഗാർത്ഥികൾക്ക് കോഴ്സ് ഫീസ് / ഹോസ്റ്റൽ സ്റ്റൈപ്പൻറ് റീഇംബേഴ്സ് ചെയ്യുന്ന പദ്ധതി.
8. ഉറുദു ഒന്നാം ഭാഷയായി പഠിച്ച് എല്ലാ വിഷയങ്ങൾക്കും എ+ നേടിയ SSLC/+2 വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡ്.
9. കേരളാ മദ്രസാ അദ്ധ്യാപകക്ഷേമനിധിയും പെൻഷൻ പദ്ധതിയും.
   - എ. പെൻഷൻ പദ്ധതി
   - ബി. വിവാഹ ധനസഹായം
   - സി. എസ്.എസ്.എൽ.സി, പ്ലസ് ടു വിദ്യാർത്ഥികൾക്കുള്ള ക്യാഷ് അവാർഡ്

ന്യൂനപക്ഷക്ഷേമവുമായി ബന്ധപ്പെട്ട് ഇതര വകുപ്പുകൾ മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികൾ

1. പ്രിമെട്രിക് സ്കോളർഷിപ്പ്
2. പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്
3. മെറിറ്റ്-കം-മീൻസ് സ്കോളർഷിപ്പ്

ന്യൂനപക്ഷ യുവജനതയ്ക്കായുള്ള സൗജന്യ പരിശീലന കേന്ദ്രങ്ങളും(സി.സി.എം.വൈ) ഉപകേന്ദ്രങ്ങളും മുഖേന ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് മത്സര പരീക്ഷാ പരിശീലനം നൽകി വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ